# തൊഴിൽമേഖലയിലെ സാമ്പത്തികസംവരണം യാഥാർത്ഥ്യമാകുവാൻ ഇനി എത്രനാൾ കാത്തിരിക്കണം?

മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം തൊഴിൽസംവരണം അനുവദിക്കണമെന്ന സർക്കാർനിർദ്ദേശം പി.എസ്.സി. അംഗീകരിച്ചതായി ഒരു മാസം മുമ്പ് പത്രമാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു. 'പി.എസ്.സി.യിൽ 10% മുന്നാക്കസംവരണം' എന്ന തലക്കെട്ടിലാണ് ഈ വാർത്ത വായിക്കാനിടയായത്. മുന്നാക്കസംവരണത്തിനായി നിലവിലുള്ള ചട്ടം സർക്കാർനിർദ്ദേശിച്ചതുപോലെ ഭേദഗതി ചെയ്തെന്നാണ് അറിയാൻ കഴിഞ്ഞത്. സർക്കാർവകുപ്പുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും നിയമനങ്ങൾക്ക് സാമ്പത്തികസംവരണം ബാധകമാക്കിയിരിക്കും എന്നും വാർത്തയിലുണ്ട്. 'പൊതുവിഭാഗത്തിന് അനുവദിച്ച 50 ശതമാനത്തിൽനിന്നുമാണ് സാമ്പത്തികമായി പിന്നാക്കാവസ്ഥ ഉള്ളവർക്ക് 10 ശതമാനം മാറ്റിവയ്ക്കുന്നത്. കുടുംബവാർഷികവരുമാനം 4 ലക്ഷം രൂപ വരെയുള്ള മുന്നാക്കക്കാർക്കാണ് സംവരണത്തിന് അർഹത. ഗ്രാമപഞ്ചായത്തിൽ രണ്ടര ഏക്കറിൽ കൂടുതലോ, മുനിസിപ്പാലിറ്റിയിൽ 75 സെന്റിൽ കൂടുതലോ, കോർപ്പറേഷൻ പരിധിയിൽ 50 സെന്റിൽ കൂടുതലോ വസ്തു സ്വന്തമായി ഉള്ള കുടുംബങ്ങൾ സാമ്പത്തികസംവരണത്തിന് അർഹരല്ല' എന്നും വാർത്തയിൽ പറഞ്ഞിട്ടുണ്ട്. ഇനിയും ചട്ടംഭേദഗതി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടിയിരിക്കുന്നു എന്നും പറയുന്നു.

സാമ്പത്തികസംവരണത്തിനായി കാത്തുനില്ക്കുന്ന മുന്നാക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങൾക്ക് നീതി ലഭിക്കുവാൻ എത്ര കടമ്പകൾ ഇനിയും കടക്കേണ്ടിവരുമെന്നാണ് അറിയേണ്ടത്.

മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് നിയമനങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് 2019 ജനുവരിയിലാണ് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. എന്നാൽ, ഈ തീരുമാനത്തെ തുടർന്ന്, ഒരു വർഷത്തിനു ശേഷം 2020 ഫെബ്രുവരി 13-നാണ് സംസ്ഥാനസർക്കാർ പ്രസ്തുത സംവരണം നടപ്പാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളത്.

ഉത്തരവ് പ്രാബല്യത്തിൽ വന്നുവെങ്കിലും കെ.എസ്.&എസ്.എസ്.ആർ. പാർട്ട് 2, 1958-ലെ ബന്ധപ്പെട്ട സംവരണചട്ടം ഭേദഗതി ചെയ്യാത്തതിനാലായിരുന്നു പി.എസ്.സി. വഴി നടക്കേണ്ട നിയമനങ്ങൾക്ക് സംവരണം ബാധകമാക്കാതിരുന്നത്.

ഉത്തരവ് ഇറങ്ങി ആറുമാസം കഴിഞ്ഞപ്പോൾ പി.എസ്.സി. സംവരണചട്ടം ഭേദഗതി ചെയ്തെങ്കിലും, മുന്നാക്കവിഭാഗങ്ങൾക്കുവേണ്ടി നടപ്പാക്കുമെന്നു പറഞ്ഞ സാമ്പത്തികസംവരണം ഇപ്പോഴും അനിശ്ചിതത്വത്തിലാണെന്നറിയുന്നു.

ഇപ്പോൾ പറയുന്നത്, ചട്ടം ഭേദഗതി സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിൽ മാത്രമേ പ്രസ്തുത സംവരണം നടപ്പാകൂ എന്നാണ്.

മറ്റു സംവരണവിഭാഗങ്ങളുടെ കാര്യത്തിൽ സർക്കാർ കാണിക്കുന്ന ശുഷ്കാന്തി മുന്നാക്കവിഭാഗങ്ങളിലെ പാവപ്പെട്ടവരുടെ കാര്യത്തിൽ ഉണ്ടാകാതെ പോകുന്നത് സാമൂഹ്യനീതിക്കോ ധാർമ്മികതയ്ക്കോ നിരക്കുന്നതല്ല എന്ന് ഉത്തരവാദിത്വപ്പെട്ടവർ ഇനിയുമെങ്കിലും മനസ്സിലാക്കണം. അങ്ങനെയെങ്കിൽ മുന്നാക്കവിഭാഗത്തിലെ പാവപ്പെട്ടവരോടു കാണിക്കുന്ന ഈ അനീതിക്കെതിരെ വരുംനാളുകളിൽ പ്രതികരിക്കേണ്ടിവരും എന്ന കാര്യം ഓർക്കണം.